II. അറിയിപ്പ്

സൈനികക്ഷേമ നിധിയിലേക്കുള്ള സംഭാവന

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിമാർ, നിയമസഭാ സാമാജികർ, നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ എന്നിവർ മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിലേക്ക് നൽകിയ സംഭാവനത്തുക ഇന്ന് (21-7-1999-ന്) ഉച്ചയ്ക്കുശേഷം 3 മണിക്ക് ബാങ്കറ്റ് ഹാളിൽ നടക്കുന്ന ചടങ്ങിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറുന്നതാണ്. തദവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ, പ്രതിപക്ഷനേതാവ് എന്നിവർ സന്നിഹിതരായിരിക്കുന്നതാണ്. എല്ലാ സാമാജികരും ആ ചടങ്ങിൽ പങ്കെടുക്കണം. അതിനുശേഷം നാഷണൽ ഇന്റഗ്രേഷനെ സംബന്ധിച്ച് 10 മിനിറ്റ് ദൈർഘ്യമുള്ള ഒരു പ്രോഗ്രാം കൂടി ഉണ്ടായിരിക്കുന്നതാണ്.

III. ശ്രദ്ധക്ഷണിക്കൽ

(അദ്ധ്യക്ഷവേദിയിൽ ഡോ: കെ.സി. ജോസഫ്)

(1) കൂടുതൽ സ്വാശ്രയകോളേജുകൾ തുടങ്ങേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ.എം. അഗസ്തി : ഈ പ്രശ്നം കഴിഞ്ഞ 16-ാം തീയതി സഭയിൽ മറ്റൊരു രൂപത്തിൽ വന്നതാണ്. അന്ന് പ്രമേയരൂപത്തിൽ വന്ന ഈ കാര്യം സഭയിൽ ഉന്നയിക്കാൻപോലും അവസരം ലഭിക്കാത്ത സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിലെ വികസനത്തിന്റെ സുപ്രധാനമായ ഒരു നാഴികക്കല്ലായി ഈ പ്രശ്നം ഞാൻ ഇന്ന് ഒരു കാളിംഗ് അറ്റൻഷനായിട്ട് അവതരിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സ്വാതന്ത്ര്യലബ്ധി മുതൽ 1970 വരെ വിദ്യാഭ്യാസരംഗത്ത് വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. തന്മൂലം കേരളീയർക്ക് കേരളത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലും തൊഴിൽ കരസ്ഥമാക്കാൻ കഴിഞ്ഞു. 70-കളിൽ ഗൾഫ് രാജ്യങ്ങളിൽ മലയാളികൾ പോയാൽ ജോലി ലഭ്യമായിരുന്നു. നിർഭാഗ്യവശാൽ 1980-കൾക്കുശേഷം ഉന്നത വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും നമ്മുടെ നാട്ടിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. അതുകൊണ്ട് കേരളത്തിലെ കുട്ടികൾക്ക് തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ പോയി ഭീമമായ തുക ചെലവഴിച്ച് വലിയ യാതനകൾ സഹിച്ചും അഡ്മിഷൻ വാങ്ങുകയാണ്. ഇപ്പോൾ ആ സ്ഥാപനങ്ങൾപോലും സ്തംഭനാവസ്ഥയിലായതുകൊണ്ട് അഡ്മിഷനില്ലാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്തെപ്പറ്റി പഠനം നടത്തിക്കൊണ്ടിരുന്ന 'ഓർഗനൈസേഷൻ ഫോർ പ്രൊമോഷൻ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ ഇൻ കേരള' എന്ന സ്ഥാപനം നടത്തിയ സർവ്വേ അനുസരിച്ച് പ്രതിവർഷം 600 കോടിയോളം രൂപ നമ്മുടെ കുട്ടികളിൽനിന്നും സംഭരിച്ച് മറ്റു സംസ്ഥാനങ്ങളിലേക്ക് ഈ മേഖലയിൽ ഒഴുകിപ്പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്രാദേശിക വാദം നടക്കുന്നതിനെ സംബന്ധിച്ച് ഇതിന് തുക മുടക്കാൻ തയ്യാറായാൽപ്പോലും മറ്റു സംസ്ഥാനങ്ങളിൽ ആവശ്യത്തിന് സീറ്റുകൾ ലഭ്യമാകാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്തും മറ്റ് പ്രൊഫഷണൽ രംഗത്തും സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിച്ചില്ലെങ്കിൽ കേരളീയർക്ക് ലഭിക്കാവുന്ന 50,000-ത്തോളം

LIBRARY ARCHIVES Kerala Legislative Assembly